പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഈ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ട്.

(ബി) പദ്ധതിയുടെ എല്ലാവശങ്ങളെക്കുറിച്ചും ഗവണ്മെണ്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

(സി) അങ്ങനെ ഒരു പരാതിയുണ്ട്.

ശ്രീ. വി. മാധവൻ: ഈ പരാതിയിൽ പറയുന്നകാര്യം ശരിയാണോ എന്നു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ഈ. ജോൺ ഫിലിപ്പോസ്: പദ്ധതിയുടെ എല്ലാ വശങ്ങളെക്കുറിച്ചും ആലോചിച്ചുകൊണ്ടിരിക്കുകയാണു്. അതിൽ ഇതും ഉൾപ്പെടും.

പബ്ലിക്ക് സർവ്വീസ് നിയമനം

*നമ്പർ (൪൦) ശ്രീ. ടി. എം. സന്നേലൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാന്യപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ജൂൺ മുതൽ, ൧൯൫൧, ഫെ ൦ എന്നീ തീയതികളിൽ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ എറണാകുളം മഹാരാജാസ് കോളേജിൽവച്ചു കൊച്ചി ഗവണ്മെണ്ടു് സർവ്വീസിലുള്ള ഉദ്യോഗാർത്ഥികളുമായി നടത്തിയ അഭിമുഖസംഭാഷണത്തിനുശേഷം അവരിൽ എത്ര പേരെയാണു് തിരുവിതാംകൂർ ഡിവിഷനിലെ പ്രൈമറി സ്കൂളുകളിൽ നിയമിച്ചിട്ടുള്ളതു്;

(ബി) അവർക്കു കൊച്ചി ഡിവിഷനിൽ കിട്ടിക്കൊണ്ടിരുന്ന ശമ്പളം കിട്ടുന്നുണ്ടോ;

(സി) ഈ നിയമനങ്ങൾക്കുശേഷം അവരേക്കാൾ ജൂനിയറായിട്ടുള്ള എത്രപേരെ കൊച്ചിഡിവിഷനിൽ ൫൦—൫൯ ശമ്പളസ്കെയിലിൽ നിയമിച്ചിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) എറണാകുളം മഹാരാജാസ് കോളേജിൽവച്ചു ൧൯൫൦ ജൂൺ മുതൽ, ൧൯൫൧, ഫെ ൦ ഈ തീയതികളിൽ, പബ്ലിക്കു് സർവ്വീസ് കമ്മീഷൻ കൊച്ചി സർവ്വീസിലുള്ള ഉദ്യോഗാർത്ഥികളുമായി അഭിമുഖസംഭാഷണം നടത്തിയിട്ടില്ല.

(ബിയും സിയും) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: മറേതെങ്കിലും തീയതികളിൽ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

ശ്രീ. സി. വി. ഇയ്യു: ജൂണിൽ ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചു പറയാം.

WRITTEN ANSWERS

Acquisition Proceedings

*37. [43] **Sri. K. A. Mathew**: Will the Hon'ble Minister for Finance and Revenue be pleased to state:

(*a*) whether the Government acquired the property of the Y.M.C.A. Ernakulam for opening the Law College Hostel at Ernakulam;

(*b*) the date on which it was acquired;

(*c*) whether the Collector of the District passed any award of compensation to be paid to the Y. M. C. A. authorities;

LIBRARY ARCHIVES Kerala Legislative Assembly

(*d*) if so. the amount,
(*e*) whether the amount was paid ;
(*f*) the reason for the delay in effecting the payment ?

Minister for Education Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Government have taken possession of the Y. M. C. A. building and premises with the consent of the party. Acquisition Proceedings are in progress.

(*b*) 1—7—50. (The date of taking possession).

(*c*) The award has not been finalised.

(*d*) & (*e*) Does not arise.

(*f*) There has been no avoidable delay. The objections of the Y.M.C.A. authorities in regard to the amount of compensation had to be heard, and the question had to be further examined in consultation with the Y.M.C.A. authorities. The terms now offered by them are being examined by Government.

SERVICES INTEGRATION

*38. (47) **Sri. E. P. Poulose**: Will the Hon'ble Chief Minister be pleased to state :

(*a*) whether the services integration has been completed and questions of seniority, promotion etc., as between officers of the former Cochin and Travancore States been decided ;

(*b*) if not, why the services integration is being delayed?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) No.

(*b*) In view of the complicated nature of the problem some delay is inevitable.

റൈസ് മിൽസ്

*നമ്പർ (൪൫) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഫൻ ൪൦ ഡിസംബർ ൫൦—ാംനു് കൂടിയ തൃശ്ശൂർ ഫുഡ് അഡൈസറി കമ്മിറ്റിയിൽനിന്നു് ഇപ്പോൾ കൊച്ചിയിൽ കമ്പനിക്കാർ കുത്തിയുണ്ടാക്കുന്ന അരി തൃപ്തികരമല്ലെന്നും അരിയുടെ സത്ത് പോഷകാംശങ്ങളും നശിപ്പിച്ചിട്ടാണു് ഉണ്ടാക്കുന്നതെന്നും ആയതുകൊണ്ടു് ഇവിടെയുള്ള കുറച്ചുകമ്പനികൾ മാത്രമെണ്ണു് ഏറ്റെടുത്തു് നടത്തി നല്ലതായ അരി ഉപഭോക്താക്കൾക്കു് വിതരണം ചെയ്യുവാനായി വല്ല പ്രമേയവും കിട്ടിയിട്ടുണ്ടോ ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): കമ്പനിക്കാർ കുത്തുന്ന അരിയെപ്പറ്റി ആക്ഷേപങ്ങൾ കിട്ടിയിരുന്നു. അവ പരിഹരിപ്പാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. മില്ലുകൾ മാത്രമെണ്ണു് ഏറ്റെടുത്തു നടത്തുക എന്നതു് പ്രായോഗികമല്ല.

സപ്ലീസ് സംയോജനം

*൪൦. (൫൦) ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സപ്ലീസ് സംയോജനം ഏതെല്ലാം ഡിപ്പാർട്ടുമെണ്ടിൽ നടപ്പാക്കി;

LIBRARY ARCHIVES Kerala Legislative Assembly